# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**2020 ജൂലൈ 06 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**

അതിർത്തി പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ശക്തമാക്കണം എന്നാണ് അഭിപ്രായം. എറണാകുളം ജില്ലയിൽ കച്ചവടക്കാരുടെ കുടുംബാംഗങ്ങൾക്ക് രോഗബാധ സ്ഥിരീകരിച്ചത് റോഡ് മാർഗ്ഗം വഴി കേരളത്തിലേക്ക് എത്തുന്ന എല്ലാവരുടെയും വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല. കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങൾ സംബന്ധിച്ച് ഇന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും ഡിഎംഒ മാരുമായി അവലോകനയോഗം നടത്തിയിരുന്നു ഒന്ന് രണ്ട് ജില്ലകൾ ഒഴിച്ച് ബാക്കിയെല്ലാവരും രണ്ടാം നിര കോവിഡ്ചികിത്സാകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. രണ്ടു ദിവസത്തിനകം പൂർണ്ണ ലിസ്റ്റ് തയ്യാറാക്കാൻ ആകുമെന്നാണ് ഡി എം ഓ മാർ അറിയിച്ചിട്ടുള്ളത്. പരിശോധനാ ഫലങ്ങൾ താമസിക്കരുത് എന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കസ്റ്റഡിയിലുള്ളവരുടെയും മറ്റും പരിശോധനാ ഫലങ്ങൾ ക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിസ്ചാർജ് ചെയ്യുന്നവരുടെ പരിശോധനാഫലം ഇപ്പോൾ പിസിആർ ടെസ്റ്റ് ആണ് നടത്തുന്നത്. മറ്റൊരു പരിശോധന നടത്തുന്ന കാര്യം കുറച്ചുകൂടി ആഴത്തിൽ പഠിച്ച ശേഷം തീരുമാനം എടുക്കാവുന്നതാണ്.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

നിലവിൽ കേരളത്തിൽ 56262 പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിൽ 2252 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. ഇന്ന് 193 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ മലപ്പുറം ജില്ലയിൽ നാലാം തീയതി മരണമടഞ്ഞ വ്യക്തിയുടെ പരിശോധനാ ഫലവും ഉൾപ്പെടുന്നു. കൂടാതെ രോഗം സ്ഥിരീകരിച്ച എറണാകുളം ജില്ലയിൽ ചികിത്സയിലായിരുന്ന മറ്റൊരു വ്യക്തി കൂടി മരണമടഞ്ഞിട്ടുണ്ട്. സാമ്പിൾ പോസിറ്റിവിറ്റി റേറ്റ് 2.02 ആണ്. കേസ് ഫെറ്റാലിറ്റി റേറ്റ് 0.5 ശതമാനമാണ്. ഇന്ന് 167 പേർക്ക് രോഗം ഭേദമായി. കേരളത്തിൽ ഇതുവരെ 27 പേരാണ് കോവിഡ് മൂലം മരണമടഞ്ഞത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ ഇരിക്കുന്നവരിൽ 26 പേർ ഐസിയുവിൽ ആണ്. ഇതിൽ ആറുപേർ വെന്റിലേറ്ററിലാണ്. 183291 പേരാണ് സർവൈലൻസ്സിൽ ഉള്ളത്. 2975 പേർ ആശുപത്രിയിൽ നിരീക്ഷണത്തിലാണ്. കൂടാതെ സി എഫ് എൽ ടി സി കൾ 28 എണ്ണം കൂടി അടുത്ത ആഴ്ചയോടെ കൂടി സജ്ജമാകും എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. പൊന്നാനിയിൽ ക്ലസ്റ്റർ കണ്ടെയ്ൻമെന്റ് മുൻകരുതലുകളെക്കുറിച്ചും അദ്ദേഹം യോഗത്തിൽ വിവരിച്ചു. പൊന്നാനിയിൽ 1479 സി എൽ ഐ എ ഇമ്മ്യൂണോ അസ്സെ ആന്റിബോഡി പരിശോധിച്ചതിൽ ആറെണ്ണം മാത്രമാണ് റിയാക്റ്റീവായി കണ്ടെത്തിയത്. റാപ്പിഡ് ആന്റിജൻ ടെസ്റ്റ് 675 എണ്ണം പരിശോധിച്ചതിൽ രണ്ടെണ്ണം മാത്രമാണ് പോസിറ്റീവ് ആയിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷനിൽ കേസുകൾ കൂടി വരുന്ന സാഹചര്യത്തിൽ നടത്തിയ പഠനത്തെ

കുറിച്ച് അദ്ദേഹം യോഗത്തെ അറിയിച്ചു. ഹൈ റിസ്ക് ടോപ് പ്രയോറിറ്റി വാർഡുകൾ കണ്ടെത്തിയതായും അദ്ദേഹം യോഗത്തെ അറിയിച്ചു. ഇവിടെ നടത്താൻ ഉദ്ദേശിക്കുന്ന ടെസ്റ്റിംഗിനെ കുറിച്ചും അദ്ദേഹം യോഗത്തിൽ വിവരിച്ചു. 2500 സി എൽ ഐ എ ഇമ്മ്യൂണോ അസ്സെയും 2500 റാപിഡ് ആന്റിജൻ ടെസ്റ്റ് തിരുവനന്തപുരം കോർപ്പറേഷനിൽ നടത്തുമെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. കേരളത്തിൽ സ്ഥിരീകരിച്ച 5429 കേസുകളിൽ 4757 കേസുകൾ കേരളത്തിനു പുറത്തുനിന്നും വന്നവരിലും 672 കേസുകൾ കേരളത്തിൽ സമ്പർക്കത്തിലൂടെയും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 50% കേസുകൾ മലപ്പുറം, കണ്ണൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ ജില്ലകളിൽ നിന്നുമാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. കൂടാതെ അവസാനത്തെ 14 ദിവസം റിപ്പോർട്ട് ചെയ്ത കേസുകളിൽ 60 ശതമാനവും പാലക്കാട്, മലപ്പുറം, കൊല്ലം, തൃശ്ശൂർ കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ നിന്നാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. ഈ ജില്ലകളിൽ കൂടുതൽ കർശന നടപടികളും പ്രതിരോധ പ്രവർത്തനങ്ങളും വേണ്ടിവരുമെന്നും അദ്ദേഹം യോഗത്തിൽ അഭിപ്രായപ്പെട്ടു. കോവിഡ് മരണങ്ങളെക്കുറിച്ചുള്ള വിവരണം അദ്ദേഹം നടത്തുകയുണ്ടായി. ആരോഗ്യ പ്രവർത്തകരും ഫ്രണ്ട് ലൈൻ പ്രവർത്തകരും ഡ്യൂട്ടിക്ക് ഇടയിൽ രോഗംബാധിച്ചതിനെ കുറിച്ചുള്ള വിവരണം അദ്ദേഹം യോഗത്തെ അറിയിച്ചു ഇങ്ങനെ രോഗബാധിതരായ 51 ഡോക്ടർമാർ, നഴ്സുമാരും, 20 പേർ ഫീൽഡ് ഉദ്യോഗസ്ഥരും, ജെ എച് ഐ, ജെപിഎച്ച് എൻ മുതലായവരും 11പേർ ആശാ പ്രവർത്തകരും ആണ്

ഉറവിടം കണ്ടെത്താൻ സാധിക്കാത്ത 166 കേസുകളായിരുന്നു കേരളത്തിലുണ്ടായിരുന്നത് ഇതിൽ 125 കേസ്സുകളുടേയും ഉറവിടം കണ്ടെത്താനായി സാധിച്ചു എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. 41 കേസുകൾ പഠനം നടന്നു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ കേരളത്തിന് പുറത്ത് രോഗം സ്ഥിരീകരിച്ച മലയാളികളെക്കുറിച്ചുള്ള വിവരണം അദ്ദേഹം നടത്തുകയുണ്ടായി. എയർപോർട്ട് സർവെലൻസ് വഴി ഐ ജി എം പോസിറ്റീവ് ആയതിന്റെയും, ട്രാവൽ സർവൈലൻസിന്റെയും വിവരണം അദ്ദേഹം യോഗത്തെ അറിയിച്ചു. കോവിഡ് ഹോസ്പിറ്റലുകളുടെ ഒരു സമ്മറിയും, ടെസ്റ്റുകളെക്കുറിച്ചുള്ള വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു. 24 മണിക്കൂറിൽ 9977 പരിശോധനകൾ നടത്തിയതിൽ നിന്നും 193 പരിശോധന ഫലമാണ് പോസിറ്റീവായി വന്നിട്ടുള്ളത് കൂടാതെ സെന്റിനൽ സർവെലൻസ് റിപ്പോർട്ടും അദ്ദേഹം യോഗത്തെ അറിയിച്ചു ജൂൺ 1 മുതൽ 30 വരെ നടത്തിയ പരിശോധനകൾ 17079 പരിശോധനകൾ നടത്തിയതിൽ 38 എണ്ണം പോസിറ്റീവായി. 0.22 ശതമാനമാണ് പോസിറ്റിവിറ്റി. കൂടാതെ വയോജനങ്ങളുടെ സംരക്ഷണത്തിനായി ഗ്രാന്റ് കെയർ ക്യാമ്പയിൻ എന്ന ഒരു പ്രവർത്തനം ആരംഭിച്ചിരിക്കുന്നത് അദ്ദേഹം അറിയിച്ചു. ടെലി മെഡിസിൻ ഇ-സഞ്ജീവനി വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു. കൂടാതെ സെൽഫ് റിപ്പോർട്ടിംഗ് ഫോം ഒരു പൈലറ്റ് സ്റ്റഡി തിരുവനന്തപുരം ജില്ലയിലെ കരകുളം, മലപ്പുറം ജില്ലയിലെ ചാലിയാർ എന്നിവിടങ്ങളിൽ നടത്തിയ വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു.

കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങളുടെ രണ്ടാം നിര ജൂലൈ 10 ഓടുകൂടി എല്ലാ ജില്ലയിലും തയ്യാറാകും. ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്ന് വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. എൻട്രൻസ് പരീക്ഷ എസ്എസ്എൽസി പരീക്ഷ നടത്തിയ മാതൃകയിൽ തന്നെ നടത്താം എന്നാണ് അഭിപ്രായം.